LIBRARY ARCHIVES Kerala Legislative Assembly

സ്പെഷ്യൽ ടൂറിസം മേഖലകളുടെ ശുചിത്വ പരിപാലനം

90 (1560) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പെഷ്യൽ ടൂറിസം മേഖലകളായ മൂന്നാർ, കോവളം, ഫോർട്ട് കൊച്ചി, കുമരകം എന്നീ സ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കാൻ പ്രാദേശിക ഭരണകൂടത്തെ കൂടാതെ ടൂറിസം വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം മേഖലകളിലെ അനധികൃത കച്ചവടവും ഇവർ വരുത്തി വയ്ക്കുന്ന മാലിന്യങ്ങളും നിയന്ത്രിക്കാൻ ഇപ്പോൾ എന്തെങ്കിലും സജ്ജീകരണം ഉണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കുടുംബശ്രീയുമായി സഹകരിച്ച് മൂന്നാർ, ഫോർട്ട് കൊച്ചി, കുമരകം എന്നീ സ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കുവാൻ 'ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ' എന്ന പദ്ധതി നടപ്പാക്കിവരുന്നു. കോവളത്ത് വിഴിഞ്ഞം പഞ്ചായത്തുമായി സഹകരിച്ച് 'കോവളം ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ്' എന്ന പദ്ധതി നടപ്പാക്കിവരുന്നു.

(ബി) അനധികൃത കച്ചവടം നിയന്ത്രിക്കുന്നതിന് ടൂറിസം വകുപ്പിന് നേരിട്ട് ഇടപെടാൻ പരിമിതികളുണ്ട്. എന്നാൽ ഓരോ ടൂറിസ്റ്റ് സീസണ് മുൻപും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പോലീസ് വകുപ്പിന്റേയും ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവരികയും അനധികൃത കച്ചവടങ്ങൾ നിയന്ത്രിക്കാൻ ആവശ്യപ്പെടുകയും ചെയ്യാറുണ്ട്. മാലിന്യങ്ങൾ നീക്കാൻ ടൂറിസം വകുപ്പും കുടുംബശ്രീയുമായി സഹകരിച്ച് 'ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ' നടപ്പാക്കിവരുന്നു.

മലബാർ മേഖലയിൽ ടൂറിസം രംഗത്ത് ചെയ്ത കാര്യങ്ങൾ

91 (1561) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം രംഗത്ത് എന്തൊക്കെ കാര്യങ്ങൾ ചെയ്തുവെന്നും ഈ ഇനത്തിൽ എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വിശദാംശം ലഭ്യമാക്കുമോ ;

(ബി) കൊയിലാണ്ടി മണ്ഡലത്തിൽ ഇതുവരെ എത്ര രൂപ ചെലവഴിച്ചു എന്ന വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) മലബാർ മേഖലയുടെ ടൂറിസം വികസനത്തിനായി പ്രത്യേക ശ്രദ്ധ ചെലുത്തിവരുന്നു. ഇതിന്റെ ഭാഗമായി മലബാറിൽ ധാരാളം കേന്ദ്രപദ്ധതികളും സംസ്ഥാന പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പ്രധാന പദ്ധതികളുടെ വിശദാംശം അനുബന്ധം-I ആയി നൽകിയിരിക്കുന്നു.* കൂടാതെ മലബാർ പാക്കേജിൽ ഉൾപ്പെടുത്തി മലബാറിലെ 20 പ്രധാന റോഡുകളുടെ നവീകരണത്തിനായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം-II ആയി നൽകിയിരിക്കുന്നു.* മലബാർ മേഖലയിൽ ഏകദേശം 100 കോടി രൂപ ഇതുവരെ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കൊയിലാണ്ടി മണ്ഡലത്തിൽ ടൂറിസം വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് :

1.	കാപ്പാട് ബീച്ച് ഡെസ്റ്റിനേഷൻ	-	150 ലക്ഷം രൂപ
2.	ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ്	-	13,27,68,000 രൂപ
3.	കാപ്പാട് സുനാമി പദ്ധതി	-	5.35 കോടി രൂപ
4.	കാപ്പാട് ബീച്ചിന്റെ ടൂറിസം അടിസ്ഥാന സൗകര്യം	-	92.02 ലക്ഷം രൂപ

ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ

92 (1562) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ എല്ലാ നിയമസഭാ മണ്ഡലത്തിലും രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ആലപ്പുഴ ജില്ലയിൽ ഏതൊക്കെ ഡി. എം. സി. കളാണ് പ്രവർത്തനം നടത്തിവരുന്നത് ; എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നത് എന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) ഡി.എം.സി.-കൾക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ പണം വകയിരുത്തുന്നതിന് നടപടിയെടുക്കുമോ ; ഇപ്പോൾ ഡി.എം.സി കളുടെ ചെലവ് എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഡി.എം.സി.-കളെ കാലാകാലങ്ങളിൽ മോണിറ്റർ ചെയ്യുന്നതിന് നടപടിയെടുക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) അരൂർ, കുട്ടനാട് എന്നിവിടങ്ങളിൽ ഡി.എം.സി.-കൾ പ്രവർത്തനം നടത്തിവരുന്നു. ഡെസ്റ്റിനേഷന്റെ പരിധിയിൽ വരുന്ന സ്ഥാവര ജംഗമ വസ്തുക്കളുടെ മാനേജ്മെന്റ്, ടൂറിസം ഡെസ്റ്റിനേഷനുകളിൽ പൂർത്തീകരിക്കുന്ന പദ്ധതികളുടെ പരിപാലനം, ഡെസ്റ്റിനേഷനുകളിലെ അടിസ്ഥാന സൗകര്യം, സുരക്ഷ, സംരക്ഷണം, പുതിയ പദ്ധതികളുടെ ആവിഷ്കരണം അനധികൃത കൈയ്യേറ്റം തടയൽ തുടങ്ങിയവയാണ് ഡി.എം.സി.-യുടെ പ്രധാന പ്രവർത്തനങ്ങൾ.

(സി) ഡി.എം.സി.-കൾക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ പണം വകയിരുത്തുന്നത് പ്രായോഗികം ആണെന്ന് കരുതുന്നില്ല. ഡി.എം.സി. പ്രവർത്തിക്കുന്ന സ്ഥലങ്ങളിലെ ടൂറിസം പദ്ധതികളിൽനിന്നും ലഭിക്കുന്ന വരുമാനമാണ് ഇവയുടെ പ്രധാന സാമ്പത്തിക സ്രോതസ്.

(ഡി) കാലാകാലങ്ങളിൽ മോണിറ്റർ ചെയ്തുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly